## 13-ാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ: 2809 14/02/2013-ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ ആദിവാസിക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിലെ ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിനിയോഗത്തിലും ഭരണ നിർവ്വഹണത്തിലും പാളിച്ചകൾ നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ജില്ലയിലെ ആദിവാസിക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും യഥാസമയം വിലയിരുത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | (ബി) | 1) പട്ടികവർഗ്ഗ വികസനവകുപ്പിലെ ജില്ലാതല ഓഫീസർമാരുടെ യോഗം വിളിച്ചു ചേർത്ത് ആദിവാസി ക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.<br>2) പദ്ധതി നടത്തിപ്പിന്റെ ഭൗതിക/ സാമ്പത്തിക നേട്ടങ്ങൾ ജില്ലാ ഓഫീസർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിൽ വിലയിരുത്തുകയും ചെയ്യുന്നു. |
| (സി) | പദ്ധതികളുടെ ജില്ലാതല ക്രോഡീകരണത്തിന് എന്തെല്ലാം സംവിധാനങ്ങൾ | (സി) | പദ്ധതികളുടെ ജില്ലാതല ക്രോഡീകരണത്തിന് വിപുലമായ സംവിധാനം |

| | | | |
|---|---|---|---|
| | നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | നിലവിലുണ്ട്. പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ മൊത്തം പ്ലാൻ ഫണ്ടിന്റെ 50% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കി വരുകയാണ്. പദ്ധതികൾ തയ്യാറാക്കുന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗമാണ്. ബാക്കിയുള്ള 50% തുകയിൽ കോർപ്പസ് ഫണ്ട്, ഗ്രാന്റ് ഇൻ ഏയ്ഡ്- ആർട്ടിക്കിൾ 275(1), എസ് സി എ ടു ടി എസ് പി, ഫുഡ് സപ്പോർട്ട് പ്രോഗ്രാം തുടങ്ങിയ ഭരണാനുമതി ആവശ്യമായ എല്ലാ പദ്ധതികളും ജില്ലാതലവർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെയാണ് നടപ്പാക്കി വരുന്നത്. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാകളക്ടർ സെക്രട്ടറിയും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറും പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ജില്ലാതല ഓഫീസർ, ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്ന സംവിധാനങ്ങൾ ജില്ലാതല ക്രോഡീകരണത്തിന് പര്യാപ്തമാണ്. |

സെക്ഷൻ ആഫീസർ